ഉണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം, നൂതന കാർഷിക സംരംഭങ്ങൾ തുടങ്ങുവാൻ സബ്സിഡി എന്നിങ്ങനെയുള്ള സഹായങ്ങൾ ലഭ്യമാക്കുന്നു. കൂടാതെ സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങൽ, കിണർ കുഴിക്കൽ, പമ്പുസെറ്റ് സ്ഥാപിക്കൽ, ഗ്രീൻ ഹൗസുകൾ സ്ഥാപിക്കൽ, ഡ്രിപ്പ് ഇറിഗേഷൻ യൂണിറ്റ് സ്ഥാപിക്കൽ, യന്ത്രവൽക്കരണംമൂലം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്കും കർഷകർക്ക് സഹായധനം ലഭ്യമാക്കുന്നു.

(ബി) കാർഷിക മേഖലയുടെ നവീകരണത്തിനായി നടപ്പു സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്കു രൂപം നൽകിയിട്ടുണ്ട്:

1. സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കൽ.
2. ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ.
3. വാണിജ്യ സുരക്ഷാപദ്ധതി നടപ്പാക്കൽ.
4. വീട്ടുവളപ്പിലെ കൃഷി നടപ്പാക്കൽ പദ്ധതി.
5. കാർഷിക കയറ്റുമതി കേന്ദ്രങ്ങളുടെ സ്ഥാപനം.
6. വിവര സാങ്കേതിക വിദ്യ നടപ്പാക്കൽ.

ചെറുകിട കർഷകരെ സഹായിക്കുന്നതിന് പദ്ധതി

72 [2041] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ചെറുകിട കർഷകരെ സഹായിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) കൃഷിയിറക്കുന്നതിനും വിപണനം സുഗമമാക്കുന്നതിനും വേണ്ടി എന്തെല്ലാം സാമ്പത്തിക സഹായങ്ങളും വായ്പകളും സബ്സിഡികളുമാണ് നൽകി വരുന്നത്;

(സി) ചെറുകിട കർഷകർക്ക് കൃഷിഭൂമി വാങ്ങുന്നതിന് കൃഷിവകുപ്പോ മറ്റ് ഏജൻസികളോ കാർഷിക വികസന ബാങ്കുവഴിയോ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ഡി) പുത്തൻ കൃഷിയിനങ്ങളായ വാനില, സഫേദ് മുസലി, ഊദ് എന്നീ ഇനങ്ങൾ കൃഷി ചെയ്യുന്ന ചെറുകിട കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) പുഷ്പ-ഫല-സസ്യകൃഷി നടത്തുന്ന ചെറുകിട കർഷകരെ സഹായിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(എഫ്) ചെറുകിട കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന മിക്കവാറും എല്ലാ പദ്ധതികളും ചെറുകിട കർഷകരെ സഹായിക്കുന്നതിന് ഉദ്ദേശ്യമിട്ടുകൊണ്ടുള്ളതാണ്. പരിശീലന പരിപാടിയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ് എന്ന പദ്ധതി നടപ്പിലാക്കുന്നു. ജൈവകൃഷി പ്രോത്സാഹനം, കുരുമുളക് വികസനം, മറ്റു സുഗന്ധവിളകളുടെ വികസനം, പുഷ്പകൃഷി വികസനം, കാർഷിക വിപണനവും ഗുണനിയന്ത്രണവും എന്നീ പദ്ധതികളിലൂടെയും കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്.

(ബി) ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് വിവിധ ഉൽപാദനോപാധികൾക്കും പ്രവർത്തനങ്ങൾക്കുമായി ഹെക്ടറിന് 1000 രൂപയും അത്യുത്പാദന ശേഷിയുള്ള കൃഷിയിറക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന സഹായങ്ങളും നൽകിവരുന്നു:

വിത്തുവാങ്ങുന്നതിന് 160 രൂപയും പച്ചിലവളം വിത്തിന് 250 രൂപയും ജീവാണു വളത്തിന് ഹെക്ടറിന് 50 രൂപയും പൊക്കാളി ജൈവ കൃഷി ചെയ്യുന്നതിന് വിത്തിനും വളത്തിനും പരമാവധി 1400 രൂപ വരെയും ധനസഹായം നൽകിവരുന്നു. കുരുമുളക് വള്ളികൾക്ക് 25% സബ്സിഡി നൽകി വിതരണം ചെയ്യുന്നുണ്ട്.

പുതുതായി കശുമാവ് വച്ചുപിടിപ്പിക്കുന്നതിന് ഹെക്ടറിന് 6000 രൂപയും റീപ്ലാന്റ് /പുനരുദ്ധാരണം ചെയ്യുന്നതിന് 10,000 രൂപയും സഹായധനമായി നൽകി വരുന്നു. കർഷക സംഘങ്ങൾ രൂപീകരിച്ച് ശാസ്ത്രീയമായി പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 5,000 രൂപ ധനസഹായം നൽകിവരുന്നു.

കയറ്റുമതി ലക്ഷ്യമാക്കിയുള്ള വാഴകൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 15,000 രൂപയും കൈതച്ചക്ക, മാവ്, പപ്പായ തുടങ്ങിയവയുടെ കൃഷി വ്യാപനത്തിന് ഹെക്ടറിന് 5,000 രൂപയും മാതളങ്ങ കൃഷിക്ക് ഹെക്ടറിന് 10,000 രൂപയും സബ്സിഡിയായി നൽകിവരുന്നു. കൂടാതെ കിണർ കുഴിക്കുന്നതിനും പമ്പുസെറ്റ് വാങ്ങുന്നതിനും ഓരോന്നിനും പരമാവധി 5,000 രൂപയും, വിവിധതരത്തിലുള്ള കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് വിലയുടെ 25% വരുന്ന തുക സബ്സിഡിയായും നൽകിവരുന്നു. 18 ലക്ഷത്തോളം ഔഷധ സസ്യങ്ങളുടെ നടീൽ വസ്തുക്കൾ സൗജന്യമായി നൽകും. വിപണനം സുഗമമാക്കാനായി പരിഷ്ക്കരിച്ച കുരുമുളക് സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പരമാവധി 10,000 രൂപയും, പുഷ്പങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലാതല സൊസൈറ്റികൾ സ്ഥാപിച്ച് കളക്ഷൻ-കം-സെയിൽസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾക്കുമായി സെന്റർ ഒന്നിന് 7.6 ലക്ഷം രൂപയും നൽകിവരുന്നു. നെല്ലിന്റെ വിലയിടിവ് തടയുന്നതിനായി സംഭരണ ഇൻസെന്റീവായി ക്വിന്റലിന് 85 രൂപ നൽകി വരുന്നു. വിപണനം സുഗമമാക്കുന്നതിന് കർഷകന് വായ്പ നൽകുന്ന പദ്ധതികളൊന്നും കൃഷിവകുപ്പ് നടപ്പിലാക്കുന്നില്ല.

(സി) ഇത്തരത്തിലൊരു പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഫേദ് മുസലി, ഊദ് എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളൊന്നും കൃഷിവകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ വാനിലകൃഷിയുടെ പ്രോത്സാഹനത്തിനായി വേര് പിടിപ്പിച്ച വള്ളികളും, ടിഷ്യുകൾച്ചർതൈകളും സൗജന്യ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

(ഇ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 282.80 ലക്ഷം രൂപയുടെ പുഷ്പകൃഷി വികസന പദ്ധതിയും ഫലവർഗ്ഗങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കുന്നതാണ്.

(എഫ്) കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന മിക്കവാറും എല്ലാ പദ്ധതികളും ചെറുകിട കർഷകരെ സഹായിക്കാൻ ഉദ്ദേശ്യമിട്ടുകൊണ്ടുള്ളതാണ്. പുതിയ പദ്ധതികൾ താഴെ ചേർക്കുന്നു:

ജൈവകൃഷി പ്രോത്സാഹന പരിപാടി, ഔഷധ സസ്യങ്ങൾ, സുഗന്ധവിളകൾ, പുഷ്പകൃഷി എന്നിവയുടെ കാർഷിക എക്സ്പോർട്ട് സോണുകൾ സ്ഥാപിക്കൽ, വിർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കൽ, ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ, കാർഷിക മേഖലയിൽ വനിതാവികസന പരിപാടി, കർഷകരുടേയും വിജ്ഞാന വ്യാപന പ്രവർത്തകരുടേയും സന്ദർശനം എന്നിവയാണ് പുതിയ പദ്ധതികൾ.

"കാർഷികോത്പാദനത്തിൽ പൊതുജനപങ്കാളിത്തം"

73 [2042] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, കളത്തിൽ അബ്ദുള്ള:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപാദനത്തിൽ പൊതുജനപങ്കാളിത്തം ഉണ്ടാക്കുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനത്തിലുണ്ടായ വർദ്ധന കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ) ഉണ്ട്. കാർഷികോത്പാദന പദ്ധതിയിൽ പൊതുജനപങ്കാളിത്തം എന്ന സംസ്ഥാനതല പദ്ധതി പ്രകാരം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേളകളും സെമിനാറുകളും നടത്തുന്നു. കൂടാതെ, കൃഷിഭവൻ തലത്തിൽ ചിങ്ങം ഒന്നിന് കർഷകദിനം ആചരിക്കൽ, സംസ്ഥാന കർഷക അവാർഡുകൾ നൽകൽ, സംസ്ഥാന തലത്തിലും കൃഷിഭവൻ തലത്തിലും കാർഷിക ഉപദേശക്കമ്മറ്റിയുടെ ചെലവുകൾ

LIBRARY ARCHIVES Kerala Legislative Assembly